**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നം: T 2872** **22.06.2012ൽ മറുപടിയ്ക്ക്**

## വിദ്യാഭ്യാസ വായ്പയുടെ പലിശ എഴുതിതള്ളൽ

**ചോദ്യം**

ശ്രീ.പി.സി. ജോർജ്ജ്
ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ. എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ.ജയരാജ്

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി)

എ) 2003 മുതൽ വിവിധ ബാങ്കുകളിൽ നിന്നെടുത്ത വിദ്യാഭ്യാസ വായ്പയുടെ പലിശ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതു ഘട്ടം വരെയായി;

എ) 2004 മുതൽ 2009 വരെ വിവിധ ബാങ്കുകളിൽ നിന്നെടുത്ത വിദ്യാഭ്യാസ വായ്പയുടെ പലിശ എഴുതിതള്ളുന്നതിനുവേണ്ടി അതിന്റെ കണക്കുവിവരങ്ങൾ സംസ്ഥാനതല ബാങ്കിംഗ് സമിതി ശേഖരിച്ചുവരുന്നു.

ബി) ആയതുമായി ബന്ധപ്പെട്ട് എത്ര തുകയുടെ അധിക ബാധ്യത ഉണ്ടാകുമെന്ന് അറിയിക്കുമോ;

ബി) ഇതു സംബന്ധിച്ച് കൃത്യമായ കണക്കുവിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞാൽ മാത്രമേ അധിക ബാദ്ധ്യതയെക്കുറിച്ച് അറിയാനാവൂ.

സി) പലിശ എഴുതി തള്ളുന്നതിനുള്ള നടപടികൾ പ്രവർത്തിപഥത്തിൽ എത്തുന്നതുവരെ ബാങ്കുകൾ സ്വീകരിക്കുന്ന ജപ്തി നടപടികൾ നിർത്തിവയ്പിക്കുന്നതിനുള്ള നിർദ്ദേശം ബാങ്കുകൾക്ക് നല്കുമോ;

സി) 2004 മുതൽ 2009 വരെയുള്ള കാലത്ത് വിദ്യാഭ്യാസ വായ്പയെടുത്ത് ജോലി ലഭിക്കാത്ത BPL വിഭാഗത്തിൽപ്പെട്ടവരുടെ വായ്പയിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾ 6 മാസത്തേയ്ക്ക് നിർത്തിവയ്ക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | വിദ്യാഭ്യാസ വായ്പയെടുത്ത് ദുരിതത്തിലായ കുടുംബങ്ങൾക്ക് ആശ്വാസമേകുന്ന പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ? | ഡി) | വായ്പാ കുടിശ്ശിക സംബന്ധിച്ച് കൃത്യമായ വിവരശേഖരണം നടത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ